15 -ാം കേരള നിയമസഭ

10 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1530 | 01-02-2024 - ൽ മറുപടിയ്ക്ക്

## ഹൈവേ ഭൂമി ഏറ്റെടുക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട്-കോഴിക്കോട് ഗ്രീൻ ഫീൽഡ് ഹൈവേയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകുന്നത് എത്രത്തോളം പൂർത്തിയായി എന്നത് വ്യക്തമാക്കാമോ; | (എ) | പാലക്കാട്-കോഴിക്കോട് ഗ്രീൻ ഫീൽഡ് ഹൈവേയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ, ദേശീയപാത അതോറിറ്റി, പാലക്കാട് ഡെപ്യൂട്ടി കളക്ടർ എൽ. എ എൻ.എച്ച് ന്റെ കാര്യാലയത്തിൽ ആകെ 17,55,88,05,343/- രൂപ അനുവദിച്ചിട്ടുള്ളതും, ആയതിൽ നിന്നും നഷ്ടപരിഹാരമായി ഭൂവുടമകൾക്ക് ആകെ 4,58,30,22,827/- കോടി രൂപ (26%) നാളിതുവരെ വിതരണം ചെയ്തിട്ടുള്ളതുമാണ്.<br><br>മലപ്പുറം ജില്ലയിൽ പാലക്കാട് - കോഴിക്കോട് ഗ്രീൻഫീൽഡ് ദേശീയപാത നിർമ്മാണത്തിനാവശ്യമായ 238 ഹെക്ടർ ഭൂമിയിൽ 153.3793 ഹെക്ടർ (63.67%) ഭൂമിയും കുഴിക്കൂർ ചമയങ്ങളും ഏറ്റെടുത്ത് ദേശീയ ഹൈവേ അതോറിറ്റിക്ക് കൈമാറുകയും, നഷ്ടപരിഹാര വിതരണത്തിനായി അനുവദിച്ച 1926 കോടി രൂപയിൽ 1289 കോടി രൂപ (66.92%) വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>കോഴിക്കോട് ജില്ലയിൽ പാലക്കാട്-കോഴിക്കോട് ഗ്രീൻ ഫീൽഡ് ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് 320 എൽ.എ കേസുകളിലായി 1,89,52,33,182/- രൂപ ഗുണഭോക്താക്കൾക്ക് നഷ്ടപരിഹാര പ്രതിഫലതുകയായി അനുവദിച്ചിട്ടുള്ളതാണ്. |
| (ബി) | കോഴിക്കോട് ജില്ലയിൽ നഷ്ടപരിഹാരം നല്കുന്നത് പാതിവഴിയിൽ നിർത്തിവയ്ക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ; | (ബി) | നഷ്ടപരിഹാരം നല്കുന്നതിന് വേണ്ടി കോഴിക്കോട് CALA തയ്യാറാക്കിയ അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് പരിശോധിച്ച പ്രോജക്റ്റ് ഡയറക്ടർ, എൻ.എച്ച്.എ.ഐ, പാലക്കാട്, അടിസ്ഥാന വില കൂടുതലാണെന്ന് കാണിച്ച് കോഴിക്കോട് ജില്ലാകളക്ടർ മുമ്പാകെ 08/09/2023 തീയതിയിൽ 11154/PIU-PKD/Bharatmala/DPR/P-K/3G/LA/3966 പ്രകാരം ആർബിട്രേഷൻ ഫയൽ ചെയ്യുകയും ആർബിട്രേഷൻ |

| | | | |
|---|---|---|---|
| | | | തീരുമാനമാകുന്നതു വരെ നഷ്ടപ്രതിഫല തുക നൽകുന്നത് നിർത്തിവയ്ക്കാൻ CALA ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (സി) | അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം മറികടന്ന് ഇക്കാര്യത്തിൽ ജില്ലാകളക്ടർ അധികാരപരിധി ലംഘിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ